**പതിനാലാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3219**

**2017 മെയ് 11 ന് മറുപടി നൽകേണ്ടത്**

**<u>തലശ്ശേരി നിയോജക മണ്ഡലത്തിലെ പ്രവൃത്തികൾ</u>**

| ചോദ്യം<br>ശ്രീ. എ.എൻ. ഷംസീർ | | ഉത്തരം<br>ഡോ. റ്റി.എം. തോമസ് ഐസക്ക്<br>(ബഹു. ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | 2016-17 വർഷത്തെ ബജറ്റിൽ തലശ്ശേരി നിയോജക മണ്ഡലത്തിലെ എന്തൊക്കെ പ്രവൃത്തികളാണ് ഉള്ളത്; | സർക്കാർ ഉടമസ്ഥതയിൽ മൂലധന സ്വഭാവമുള്ള പ്രവൃത്തികൾ നടപ്പിലാക്കുന്നതിലേക്കായി നിയോജക മണ്ഡലം – ആസ്തി വികസന പദ്ധതിയുടെ കീഴിൽ (LAC-ADS), തലശ്ശേരി നിയോജക മണ്ഡലത്തിനായി 5 കോടി രൂപ 2016-17 ലെ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഈ പദ്ധതിയുടെ കീഴിലുള്ള പ്രവൃത്തികൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം 1 ആയി ചേർക്കുന്നു. 2016-17 ലെ ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള മറ്റ് പ്രവൃത്തികളെ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം 2 ആയി ചേർക്കുന്നു. KIIFB മുഖാന്തിരം നടപ്പിലാക്കുന്ന പ്രത്യേക നിക്ഷേപ പദ്ധതിയിൽപ്പെടുത്തി 75 കോടി രൂപയുടെ 4 പ്രവൃത്തികളും ഉൾപ്പെടുത്തിയിട്ടുണ്ട്. |

| | | |
|---|---|---|
| (ബി) | ഇതിൽ ഏതെല്ലാം പ്രവൃത്തികളിൽ ആണ് നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടുള്ളത്; | മലബാർ തലശ്ശേരി ഗവ. ബ്രണ്ണൻ കോളേജിന് അക്കാദമിക് സെമിനാർ ബ്ലോക്ക് നിർമ്മാണം, സ്റ്റാഫ് കോർട്ടേഴ്സ് നവീകരണ ജോലികൾ, ന്യൂ മാഹി പി.എച്ച്.സി ക്ക് കെട്ടിട നിർമ്മാണം, കതിരൂർ ആയുർവേദ ഡിസ്പെൻസറി കെട്ടിട നിർമ്മാണം, തലശ്ശേരി ഒബ്സർവേഷൻ ഹോമിൽ ബാക്കി ജോലികൾ, തലശ്ശേരി നാദാപുരം റോഡ് കി.മീ 1/100 മുതൽ 3/650 വരെയും 6/400 മുതൽ 9/200 വരെയുമുള്ള പുനരുദ്ധാരണ പ്രവൃത്തികൾ (കേന്ദ്ര റോഡ് ഫണ്ട് സ്കീം) തുടങ്ങിയ പ്രവൃത്തികൾ ഇതിനകം തന്നെ പൂർത്തീകരിച്ചിട്ടുണ്ട്. മറ്റ് പ്രവൃത്തികൾ നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരികയാണ്. നിയോജകമണ്ഡലം ആസ്തി വികസന പദ്ധതി പ്രകാരമുള്ള പ്രവൃത്തികൾ സംബന്ധിച്ച് ലഭ്യമായ ശിപാർശകളിൻമേൽ ധനാനുമതിയും ഭരണാനുമതിയും പുറപ്പെടുവിക്കുന്നതിനായി വിശദമായ എസ്റ്റിമേറ്റും അനുബന്ധരേഖകളും ലഭ്യമാക്കുന്നതിനായി ബന്ധപ്പെട്ട ഭരണ വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | പ്രസ്തുത ബജറ്റിൽ ഉൾപ്പെടുത്തിയ തലശ്ശേരി നിയോജക മണ്ഡലത്തിലെ മുഴുവൻ പ്രവൃത്തികളും ഇപ്പോൾ ഏത് ഘട്ടം വരെ എത്തി എന്ന് തരം തിരിച്ച് വ്യക്തമാക്കുമോ? | |

സെക്ഷൻ ഓഫീസർ

## അനുബന്ധം - 1

## തലശ്ശേരി നിയോജക മണ്ഡലം - ആസ്തി വികസന പദ്ധതി -2016-17

| ക്രമ നം. | പ്രോജക്ട് . ഐ.ഡി.നം. | പ്രവൃത്തിയുടെ പേര് | അടങ്കൽ തുക (ലക്ഷം) |
|---|---|---|---|
| 1 | 1503 | തീയേറ്റർ കോംപ്ലക്സ്- ജനറൽ ഹോസ്പിറ്റൽ, തലശ്ശേരി | 150.00 |
| 2 | 1505 | തലശ്ശേരി - മുകുന്ദൻ ജംഗ്ഷൻ മട്ടമ്പ്രം പള്ളി റോഡ് ഇന്റർലോക്ക് | 100.00 |
| 3 | 1507 | എല്ലാരും സ്കൂളിനൊപ്പം - വിദ്യാലയങ്ങളുടെ സാങ്കേതിക നിലവാരം ഉയർത്തുന്നതിനുള്ള നൂതന പദ്ധതികൾ | 50.00 |
| 4 | 1837 | ഗവൺമെന്റ് കോളേജ് തലശ്ശേരി (ചൊക്ലി) താൽക്കാലിക കെട്ടിടത്തിന് അനുബന്ധ പ്രവൃത്തികൾ | 25.00 |
| 5 | 2294 | 4 – ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ - വിവിധ സ്ഥലങ്ങൾ, തലശ്ശേരി | 20.00 |
| 6 | 2322 | ചാടാലപ്പുഴ – പന്ന്യന്നൂർ - കുടിവെള്ള പദ്ധതി | 25.00 |
| 7 | 2330 | അംഗപരിമിതർക്ക് മുചക്രവാഹനം എന്ന പദ്ധതി | 10.00 |
| 8 | 2333 | രാജാസ് കല്ലായി - ഹോമിയോ ഡിസ്പെൻസറി കണക്ഷൻ റോഡ് | 10.00 |
| 9 | 2334 | സെല്ലേരിപ്പറമ്പ് - കോട്ടായി കുലോം റോഡ് നവീകരണം | 10.00 |
| | | **ആകെ തുക** | 400.00 |

സെക്ഷൻ ഓഫീസർ

## അനുബന്ധം-2

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | നിലവിലെ സ്ഥിതി |
|---|---|---|
| 1 | കൊളശ്ശേരി-കായലോട് റോഡ് കി.മീ 0/000 മുതൽ 3/800 വരെ – പുനരുദ്ധാരണം | കേന്ദ്ര റോഡ് ഫണ്ടിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ചിട്ടുണ്ട് |
| 2 | തലശ്ശേരി-കോടിയേരി റോഡ് കി.മീ 0/000 മുതൽ 3/445 വരെ പുനരുദ്ധാരണം | ഭരണാനുമതിക്കായി എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ട് |
| 3 | കുയ്യാലി-കൊളശ്ശേരി റോഡ് കി.മീ 0/000 മുതൽ 1/900 വരെ പുനരുദ്ധാരണം | കേന്ദ്ര റോഡ് ഫണ്ടിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ചിട്ടുണ്ട് |
| 4 | കാളിയിൽ തോട്ടുമ്മൽ കതിരൂർ റോഡ് കി.മീ 2/400 മുതൽ 5/200 വരെ പുനരുദ്ധാരണം | കേന്ദ്ര റോഡ് ഫണ്ടിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ചിട്ടുണ്ട് |
| 5 | കുയ്യാലി പാലം പുനർനിർമ്മാണം | ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു |
| 6 | ചോനാടം-കുണ്ടുചിറ റോഡ് കി.മീ.0/000 മുതൽ 2/000 വരെ | 190 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടർ ക്ഷണിച്ചിട്ടുണ്ട് |
| 7 | കതിരൂർ-നാദാപുരം റോഡ് കി.മീ0/000 മുതൽ 3/800 വരെ അഭിവൃദ്ധിപ്പെടുത്തൽ | സാങ്കേതികാനുമതി ലഭിക്കേണ്ടതുണ്ട് |
| 8 | പൂക്കോം-ചൊക്ലി റോഡ് കി.മീ. 0/000 മുതൽ 2/874 വരെ അഭിവൃദ്ധിപ്പെടുത്തൽ | ഭരണാനുമതി ലഭിച്ചിട്ടില്ല |
| 9 | കക്കറ-കൂരാറ-മാക്കൂൽ പീടിക റോഡ് കി.മീ.0/000 മുതൽ 5/460 വരെ അഭിവൃദ്ധിപ്പെടുത്തൽ | ഭരണാനുമതി ലഭിച്ചിട്ടില്ല |
| 10 | കതിരൂർ-നാദാപുരം റോഡ് 0/3800 | പ്രവൃത്തി ഇരട്ടിച്ചുവന്നതിനാൽ റദ്ദ് ചെയ്യേണ്ടതുണ്ട് |
| 11 | മാക്കൂൽ പീടിക-കക്കറ റോഡ് 0.5460 | പ്രവൃത്തി ഇരട്ടിച്ചുവന്നതിനാൽ റദ്ദ് ചെയ്യേണ്ടതുണ്ട് |
| 12 | പാറാൽ പുന്നൂർ റോഡ് കി.മീ 0/000 മുതൽ 2/530 വരെ | ഭരണാനുമതി ലഭിച്ചിട്ടില്ല |
| 13 | പെൻഷൻ സബ്ട്രഷറി ഓഫീസ് തലശ്ശേരി കെട്ടിട നിർമ്മാണം | സ്ഥലം ലഭ്യമല്ല |
| 14 | തലശ്ശേരി ഫയർ സ്റ്റേഷൻ പുതിയ കെട്ടിട നിർമ്മാണം | സ്ഥലം ലഭ്യമല്ല |
| 15 | മലബാർ തലശ്ശേരി ഗവ.ബ്രണ്ണൻ കോളേജിന് അക്കാദമിക് സെമിനാർ ബ്ലോക്ക് നിർമ്മാണം | പ്രവൃത്തി പൂർത്തിയായി |

| | | |
|---|---|---|
| 16 | തലശ്ശേരി ഫാസ്റ്റ് ട്രാക്ക് കോടതി | ഭരണാനുമതിക്കായി എസ്റ്റിമേറ്റ് തയ്യാറാക്കുന്നു |
| 17 | കോർട്ട് കോംപ്ലക്സ് തലശ്ശേരി | കിഫ്ബിയിൽ ഉൾപ്പെടുത്തുന്നത് പരിഗണനയിലാണ് |
| 18 | തലശ്ശേരിയിൽ എൻ.ജി.ഒ മാർക്ക് ബി ടൈപ്പ് കോട്ടേഴ്സ് (20 എണ്ണം) നിർമ്മാണം | സ്ഥലം ലഭ്യമല്ല |
| 19 | തലശ്ശേരിയിൽ എൻ.ജി.ഒ മാർക്ക് ഇ ടൈപ്പ് കോട്ടേഴ്സ് (12 എണ്ണം) നിർമ്മാണം | സ്ഥലം ലഭ്യമല്ല |
| 20 | തലശ്ശേരി അഡീഷണൽ ജില്ലാ ജഡ്ജിക്കും എം.എ.സി.റ്റി ജഡ്ജിക്കും കോർട്ടേഴ്സ് നിർമ്മാണം | പുതുക്കിയ അടങ്കൽ സമർപ്പിക്കേണ്ടതുണ്ട് |
| 21 | ബ്രണ്ണൻ കോളേജ് സ്റ്റാഫ് കോർട്ടേഴ്സ് നവീകരണ ജോലികൾ | പ്രവൃത്തി പൂർത്തിയായി |
| 22 | ഗവ.ബ്രണ്ണൻ കോളേജ് തലശ്ശേരി വനിതാ ഹോസ്റ്റൽ നിർമ്മാണം | പ്രവൃത്തി അന്തിമഘട്ടത്തിൽ |
| 23 | തലശ്ശേരി ഗവ.ജനറൽ ഹോസ്പിറ്റലിൽ സ്ത്രീകളുടെയും കുട്ടികളുടേയും ബ്ലോക്ക് നിർമ്മാണം | സ്ഥലം ലഭ്യമല്ല |
| 24 | തലശ്ശേരിയിൽ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി നിർമ്മാണം (ഫെയ്സ് 3) | സ്ഥലം ലഭ്യമല്ല |
| 25 | തലശ്ശേരി ഗവ. ജനറൽ ഹോസ്പിറ്റലിൽ നവീകരണം | പ്രവൃത്തി പുരോഗമിക്കുന്നു |
| 26 | ന്യൂ മാഹി പി.എച്ച്.സി ക്ക് കെട്ടിട നിർമ്മാണം | പ്രവൃത്തി പൂർത്തിയായി |
| 27 | കതിരൂർ ആയുർവേദ ഡിസ്പെൻസറി കെട്ടിട നിർമ്മാണം | പ്രവൃത്തി പൂർത്തിയായി |
| 28 | തലശ്ശേരി ഒബ്സർവേഷൻ ഹോമിൽ ബാക്കി ജോലികൾ | പ്രവൃത്തി പൂർത്തിയായി |
| 29 | അനാഥമന്ദിരം തലശ്ശേരി | ഭരണാനുമതിക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതാണ് |
| 30 | ആഫ്റ്റർ കെയർ ഹോം-അംഗവൈകല്യമുള്ള കുട്ടികൾക്ക് സ്ഥിരമായി കെട്ടിടം നിർമ്മിക്കുക | ഭരണാനുമതിക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതാണ് |
| 31 | അംഗവൈകല്യം വന്ന കുട്ടികൾക്കുള്ള കെട്ടിടം (ബാല വികലാംഗ സദനം) | ഭരണാനുമതിക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതാണ് |
| 32 | തലശ്ശേരിയിൽ അഡോളസന്റ് ആൺകുട്ടികൾക്ക് ആഫ്റ്റർ കെയർ ഹോമും അംഗവൈകല്യമുള്ള കുട്ടികൾക്ക് കെയർ ഹോമും പണിയുന്നതിന് | ഭരണാനുമതിക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതാണ് |

| | | |
|---|---|---|
| 33 | മഹിളാ മന്ദിരം തലശ്ശേരി | ഭരണാനുമതിക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതാണ് |
| 34 | തലശ്ശേരി നാദാപുരം റോഡ് കി.മീ 1/100 മുതൽ 3/650 വരെയും 6/400 മുതൽ 9/200 വരെയുമുള്ള പുനരുദ്ധാരണ പ്രവൃത്തികൾ (കേന്ദ്ര റോഡ് ഫണ്ട് സ്കീം) | പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. |
| 35 | പ്രശസ്ത സംഗീത സംവിധായകനായിരുന്ന കെ. രാഘവൻ മാസ്റ്ററുടെ പ്രതിമ നിർമ്മിക്കുന്നതിന് 10 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. | |
| 36 | തലശ്ശേരി വുമൺ & ചൈൽഡ് ആശുപത്രി ആരംഭിക്കുന്നതിന് മാന്ദ്യവിരുദ്ധ പാക്കേജിൽ നിന്ന് 50 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. | |
| 37 | തലശ്ശേരി ഫിഷിംഗ് ഹാർബറിന്റെ നിർമ്മാണം പൂർത്തീകരിക്കുന്നതിനായി 1 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. | |
| 38 | സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി വയലളം പാർസിക്കുന്ന് ഗ്രാമീണ കുടിവെള്ള പദ്ധതിയുടെ ഉന്നതല ടാങ്കിന്റെ റിപ്പയർ പ്രവൃത്തിക്ക് 5 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. | |

സെക്ഷൻ ഓഫീസർ